FY-108

Reg. No. : .....

Name : .....

FIRST YEAR HIGHER SECONDARY EXAMINATION, MARCH 2026

Part – II

Time : $2\frac{1}{2}$ Hours

മലയാളം

Cool-off time : 15 Minutes

(MALAYALAM)

Maximum : 80 Scores

വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉചിതമായ രണ്ടുത്തരങ്ങൾ എടുത്തെഴുത്തുക. 2 സ്കോർ വീതം. **(5 × 2 = 10)**

1. 'സന്ദർശനം' എന്ന കവിതയിൽ പ്രണയത്തിന്റെ മനോഹാരിത ആവിഷ്കരിക്കുന്ന രണ്ട് പ്രയോഗങ്ങൾ കണ്ടെത്തുക.
   (a) പൊൻചെമ്പകം പൂത്ത കരൾ
   (b) കറ പിടിച്ച ചുണ്ടിൽ തുളുമ്പാത്ത കവിത.
   (c) കനക മൈലാഞ്ചിനീരിൽ തുടുത്ത വിരൽ
   (d) രാത്രി തൻ നിഴലുകൾ നമ്മൾ

2. മുഹ്യിദ്ദീൻ മാലയുടെ സവിശേഷതയായി വരുന്ന പ്രസ്താവനകൾ എടുത്തെഴുതുക.
   (a) അറബി മലയാള സാഹിത്യത്തിലെ പ്രഥമ കൃതി.
   (b) പോർച്ചുഗീസ് അധിനിവേശത്തെക്കുറിച്ചുള്ള ഗ്രന്ഥം.
   (c) കാലം കൃത്യമായി രേഖപ്പെടുത്താൻ സാധിക്കാത്ത കൃതി.
   (d) സൂഫി ശ്രേഷ്ഠന്റെ അപദാനങ്ങൾ വാഴ്ത്തുന്ന കൃതി.

3. 'കൈപ്പാട്' എന്ന ഡോക്യുമെന്ററിക്ക് യോജിച്ച രണ്ട് പ്രസ്താവനകൾ ഏവ ?
   (a) ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ വസുധ പുരസ്കാരം നേടി.
   (b) പാരിസ്ഥിതിക പ്രാധാന്യമുള്ള കൈപ്പാട് നിലങ്ങൾ പരിചയപ്പെടുത്തുന്നു.
   (c) സംഭാഷണങ്ങൾക്ക് പ്രാധാന്യമുണ്ട്.
   (d) രാസവളം ഉപയോഗിച്ചുള്ള കൃഷിരീതി പരിചയപ്പെടുത്തുന്നു.

4. 'ജോനാഥൻ' എന്ന കഥാ പാത്രത്തിന് യോജിക്കുന്ന രണ്ട് സവിശേഷതകൾ എടുത്തെഴുത്തുക.
   (a) ആവുന്നേടത്തോളം ജീവിക്കുക.
   (b) ഇരുട്ടിനെ കീറിമുറിച്ച് ഉയർന്ന് പറക്കുക.
   (c) തനിക്കൊപ്പം തന്റെ കൂട്ടരേയും ഉയർത്തുക.
   (d) താണുപറന്ന് ഇരപിടിക്കുക.

5. 'അനർഘനിമിഷം' എന്ന പാഠഭാഗത്തിന് യോജിക്കുന്ന രണ്ട് പ്രസ്താവനകൾ എഴുതുക.
   (a) കവിതയോട് ചേർന്നു നിൽക്കുന്ന ഭാഷ
   (b) സാമൂഹിക രാഷ്ട്രീയ വിമർശനം നിർവഹിക്കുന്നു
   (c) തന്റെ ദുഃഖം മറന്ന് മറ്റുള്ളവരെ ചിരിപ്പിക്കുന്നു
   (d) ആക്ഷേപഹാസ്യം പ്രമേയമാക്കുന്നു.

6. 'മത്സ്യം' എന്ന കവിതയിൽ മത്സ്യത്തിന്റെ അതിജീവനത്തെ സൂചിപ്പിക്കുന്ന രണ്ട് പ്രയോഗങ്ങൾ ഏവ
   (a) കടൽ ദഹിച്ചു വരുന്നത് അറിഞ്ഞില്ല.
   (b) ഉപ്പുവയലുകൾ ഉണക്കിയെടുത്തു.
   (c) കണ്ണാടിയിൽ കാഴ്ചയായില്ല
   (d) ചന്തയിൽ നാണം കെട്ടില്ല.

7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം. **(4 × 2 = 8)**

7. സുഖം ഒരു മാരക ലഹരിയാണെന്ന് തങ്കംനായർക്ക് തോന്നിയ സന്ദർഭം എഴുതുക ?

8. 'അരുളുള്ളവനാണ് ജീവി' എന്ന വരിയുടെ ആശയം എഴുതുക ?

9. ജനപ്രിയ സിനിമകളുടെ നാടകീയതയ്ക്കുള്ള അടിസ്ഥാനം എന്ത് ?

10. 'വാസനാവികൃതി' എന്ന കഥയിൽ ഹാസ്യാത്മകമായി അനുഭവപ്പെട്ട ഒരു സന്ദർഭം എഴുതുക.

11. കണ്ടിക്കൻ ചേലയെക്കുറിച്ച് നന്ദഗോപരോട് പറയുമ്പോൾ കൃഷ്ണന്റെ മനസ്സിൽ തെളിഞ്ഞ ബാല്യകാലസ്മരണ എന്ത് ?

12 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം. **(6 × 4 = 24)**

12. 'മത്സ്യം' എന്ന കവിതയിൽ മത്സ്യം എന്ന പദം സൃഷ്ടിക്കുന്ന ആശയതലങ്ങളെന്തെല്ലാം ?

13. വേരുകൾക്കും മരങ്ങൾക്കും മനുഷ്യഭാവം നൽകുന്ന രണ്ടു സന്ദർഭങ്ങൾ 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്തു നിന്ന് കണ്ടെത്തി എഴുതുക.

14. കണ്ണുള്ളവർ കാണാതെ പോകുന്ന പലതും കാഴ്ചയില്ലാത്ത ഹസ്ന അകക്കണ്ണുകൊണ്ട് കാണുന്നു. 'കേൾക്കുന്നുണ്ടോ' എന്ന ഹ്രസ്വചിത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ അഭിപ്രായത്തോട് പ്രതികരിക്കുക.

15. വ്യംഗ്യമായ ആശയങ്ങൾ സംവേദനം ചെയ്യുന്നതിന് പി.കുഞ്ഞിരാമൻ നായർ പ്രകൃതിയിൽനിന്ന് സ്വീകരിച്ചിരിക്കുന്ന പ്രതീകങ്ങൾ ഏതെല്ലാം ? 'ഇരുട്ടിലെ മനുഷ്യൻ' എന്ന കവിതാഭാഗത്തു നിന്ന് കണ്ടെത്തി എഴുതുക.

16. മാതൃസ്നേഹത്തിന്റെ ദീപ്തഭാവങ്ങൾ പ്രകടമാക്കുന്ന രണ്ട് സന്ദർഭങ്ങൾ 'ശസ്ത്രക്രിയ' എന്ന കഥയിൽനിന്ന് എഴുതുക.

17. ഉചിതമായവ ചേർത്തെഴുതുക :

മത്സ്യം	ബാലചന്ദ്രൻ ചുള്ളിക്കാട്
ഓർമ്മയുടെ ഞരമ്പ്	എൻ.എ.നസീർ
സന്ദർശനം	ടി.പി. രാജീവൻ
വേരുകൾ നഷ്ടപ്പെടുത്തുന്നവർ	കെ.ആർ. മീര

18. 'ചെന്ന ദിക്കിലെല്ലാം ഈരാറ് പന്ത്രണ്ട് വാസനാവികൃതി എന്ന കഥയിൽ ഉപയോഗിച്ചിരിക്കുന്ന ഈ പഴഞ്ചൊല്ല് കഥാസന്ദർഭത്തിന് എത്രത്തോളം ഉചിതമെന്ന് വിലയിരുത്തുക.

19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം. **(4 × 6 = 24)**

19. 'കായലരികത്ത്' എന്ന ഗാനത്തിൽ പ്രതിഫലിക്കുന്ന സാമൂഹിക ജീവിതത്തിന്റെ സവിശേഷതകൾ വിവരിക്കുക.

20. ഒരേ കാലഘട്ടത്തിലെ രണ്ടു മുഖങ്ങളാണ് തങ്കം നായരും ദേവി ബഹനും. 'ലാത്തിയും വെടിയുണ്ടയും' എന്ന നോവൽഭാഗത്തെ അടിസ്ഥാനമാക്കി ഈ അഭിപ്രായത്തോട് പ്രതികരിക്കുക.

21. "അനേകം അർഥങ്ങളെ നിഷ്പാദിപ്പിക്കുന്ന വാഗ്ബിന്ദുക്കളെയാണ് കവികൾ തിരഞ്ഞെടുക്കുന്നത്" ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കാളിദാസനും വള്ളത്തോളും 'മേഘ'ത്തെ ആവിഷ്കരിക്കുന്നതിലെ വ്യത്യസ്തത വിശദീകരിക്കുക.

22. തിരുവാതിരയുടെ പശ്ചാത്തലം ഊഞ്ഞാലിൽ എന്ന കവിതയ്ക്ക് നൽകുന്ന ഭാവഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

23. സ്ത്രീജീവതത്തെ സംബന്ധിച്ച പരമ്പരാഗത കാഴ്ചപ്പാടുകളിൽനിന്നും പുതിയ ബോധത്തിലേക്ക് സംക്രമിപ്പിക്കുന്നതിന്റെ ആവിഷ്കാരമാണ് 'സംക്രമണം' എന്ന കവിത. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

താഴെ തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് 24 മുതൽ 26 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം. **(3 × 2 = 6)**

കോലുകൾ ഉപയോഗിച്ചു കൊണ്ടുള്ള വനിതകളുടെ വിനോദകലയാണ് കോലാട്ടം. "സ്ത്രീകളുടെ കോൽകളി" എന്ന് ഇതിനെ വിശേഷിപ്പിക്കാം. കളിയിൽ ഏർപ്പെടുന്നവർ ഓരോരുത്തരും ചായം തേച്ചതും ചെറുമണികൾ ഘടിപ്പിച്ചതുമായ ഓരോ ജോടി ചെറിയ കോലുകളാണ് ഉപയോഗിക്കുക. ചാഞ്ഞും ചരിഞ്ഞും വട്ടം കറങ്ങിയും പാട്ടുപാടിക്കൊണ്ട് ആണ് കോലാട്ടം അവതരിപ്പിക്കുന്നത്. കളിയുടെ പേരുതന്നെ കളിയുടെ സ്വഭാവം വ്യക്തമാക്കുന്നു. കളിക്കാർ അവരുടെ കൈളിലുള്ള കോലുകൾ മുട്ടുകയും മറ്റുള്ളവരുടെ കോലുകളോട് പരസ്പരം മുട്ടുകയും പതിവുണ്ട്. ഓണം, ധനുമാസത്തിലെ തിരുവാതിര തുടങ്ങിയ ആഘോഷാവസരങ്ങളിൽ വനിതകൾ കോലാട്ടത്തിൽ ഏർപ്പെടുക പതിവായിരുന്നു.

24. കോലാട്ടത്തെ ലേഖകൻ വിശേഷിപ്പിച്ചിരിക്കുന്നതെങ്ങനെ ?

25. കോലാട്ടത്തിന്റെ അവതരണ രീതി വ്യക്തമാക്കുക.

26. ഏതെല്ലാം അവസരങ്ങളിലാണ് കോലാട്ടം അവതരിപ്പിക്കുന്നത്.

ചുവടെ ചേർക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ. **(1 × 8 = 8)**

27. ദാരിദ്ര്യത്തിലും പുലർത്തുന്ന പ്രത്യാശയാണല്ലോ 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയുടെ കേന്ദ്ര പ്രമേയം. ഈ അഭിപ്രായത്തോട് പ്രതികരിച്ച് ഉപന്യാസം തയ്യാറാക്കുക.

28. 'സ്വാതന്ത്ര്യം' എന്ന വാക്ക് ഉച്ചരിച്ചപ്പോൾ അവരുടെ വയ്പുപല്ല് സെറ്റ് ദയനീയമായി പുറത്തു വന്നു. ഈ വാക്യം 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിൽ എത്രത്തോളം പ്രസക്തമാണ്. സ്വാതന്ത്ര്യത്തിന്റെ വിവിധ തലങ്ങൾ ഈ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.
